# പട്ടികജാതിവികസന വകുപ്പ്ഡയറക്ടറുടെ നടപടി ഉത്തരവ്

(നിലവിൽ. പി. എം. അലി അസ്ഗർ പാഷ ഐ.എ.എസ്)

വിഷയം:- പട്ടികജാതി വികസനം-ഗവൺമെന്റ് ഓഫ് ഇന്ത്യ (GOIS)-ഗവൺമെന്റ് ഓഫ് കേരള (GOKS) പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ കേരളത്തിനു പുറത്ത് ഇതര സംസ്ഥാനങ്ങളിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം ലഭ്യമാക്കുന്നത്- അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാരെ ചുമതലപ്പെടുത്തി-ഉത്തരവാകുന്നു.

സൂചന:-
1. GO(MS) No. 17/89/SCSTDD തീയതി 05.04.1989.
2. നോട്ടിഫിക്കേഷൻ നമ്പർ-II, Edn C1.13185/80 തീയതി 30.04.1980.
3. കത്ത് നമ്പർ BC 11817/03/82-PCK-cell , ഗവൺമെന്റ് ഓഫ് ഇന്ത്യ തീയതി 1/82.
4. സ.ഉ. (അച്ചടി) നമ്പർ 50/2009/പജ പവ വിവ തീയതി 02.07.2009.
5. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 22.01.2015-ലെ ഉത്തരവ് നമ്പർ എഡ്യൂ. എ2- 23449/14.
6. സ.ഉ. (എം.എസ്) നമ്പർ 13/2017 പജ പവ വിവ. തീയതി 08.03.2017.

---

**ഉത്തരവ് നമ്പർ Edn A2-19066/17/OSS** **തീയതി: 20/06/2017**

---

കേരള സംസ്ഥാനത്തിനു പുറത്ത്, ഇതര സംസ്ഥാനങ്ങളിൽ പഠിയ്ക്കുന്ന കേരളത്തിലെ പട്ടികജാതി/ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ സ്കോളർഷിപ്പും (GOKS) പട്ടികജാതി വിദ്യാർത്ഥികൾക്ക് മാത്രമുള്ള ഇന്ത്യാ ഗവൺമെന്റ് സ്കോളർഷിപ്പും (GOIS) മാന്വൽ ആയി സംസ്ഥാന തലത്തിൽ (പട്ടികജാതി വികസന വകുപ്പ് ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം) ആണ് അനുവദിച്ചു വരുന്നത്.

സംസ്ഥാന സർക്കാരിന്റേയും, ഗവൺമെന്റ് ഓഫ് ഇന്ത്യയുടെയും സ്കോളർഷിപ്പിനായി അപേക്ഷിക്കുന്നവരുടെ എണ്ണം ഓരോ വർഷം കഴിയുംതോറും, ഗണ്യമായി വർദ്ധിച്ചു വരുന്നുണ്ട്. ഇതര സംസ്ഥാനത്ത് സ്വാശ്രയ മേഖലയിലുൾപ്പെടെ അംഗീകൃത സ്ഥാപനങ്ങളുടെ എണ്ണവും അവിടെ നടത്തുന്ന നവീനമായ കോഴ്സുകളുടെ എണ്ണവും മുൻവർഷങ്ങളിലേതിനേക്കാൾ ഗണ്യമായി വർദ്ധിക്കുന്നുണ്ട്. ഇതുമൂലം കേരളത്തിൽ നിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട കൂടുതൽ വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി ഇതര സംസ്ഥാനങ്ങളിൽ പോകുകയും വിദ്യാഭ്യാസ ധനസഹായത്തിനായി വകുപ്പിനെ ആശ്രയിക്കുകയും ചെയ്യുന്നുണ്ട്.

മേൽ സൂചിപ്പിച്ച സ്കോളർഷിപ്പ് പദ്ധതികൾ പ്രകാരം കൂടുതൽ അപേക്ഷകൾ വിവിധ ജില്ലകളിലെ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളിൽ നിന്നും വർദ്ധമാനമായ രീതിയിൽ ലഭിച്ചുവരുന്നതും, ഇതര സംസ്ഥാന ങ്ങളിൽ വിദ്യാഭ്യാസം നടത്തുന്ന കേരളത്തിലെ പട്ടികജാതി /മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് സർക്കാരിന്റെ വിദ്യാ സഹായം യഥാസമയം ലഭിക്കുന്നതിൽ വേണ്ടത്ര മാർഗ്ഗ നിർദ്ദേശം നിലവിൽ ലഭിക്കുന്നില്ലാത്തതിനാൽ ധനസഹായം ലഭിക്കുന്നതിനായി വളരെനാൾ (പലപ്പോഴും മാസങ്ങളോളം) കാത്തിരിക്കേണ്ടി വരികയും അതു വഴി പലവിധ ക്ലേശങ്ങൾ അനുഭവിക്കേണ്ടി വരികയും ചെയ്യുന്നു. വകുപ്പ് ഡയറക്ടറേറ്റ് തലത്തിലാണ് ഈ വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം അനുവദിക്കുന്നതെന്നതിനാൽ വകുപ്പിന്റെ പ്രാദേശിക ഓഫീസുകളിൽ നിന്നും ഇവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ഫലപ്രദമായി നൽകാൻ കഴിയുന്നുമില്ല. ഇതി നാൽതന്നെ അപേക്ഷാ ഫോറം ലഭിക്കുന്നതിനും, ഫോം ലഭിച്ച് ആവശ്യമായ വിവരങ്ങളും/സർട്ടിഫിക്കറ്റുകളും ചേർത്ത് അപേക്ഷ സമർപ്പിക്കുന്നതിനും, തുടർന്ന് അപേക്ഷയുടെ ന്യൂനതകൾ സ്ഥാപനവുമായി കത്തിടപാടി ലൂടെ പരിഹരിച്ച് വിദ്യാഭ്യാസസഹായം വിദ്യാർത്ഥിക്ക് ലഭ്യമാക്കുന്നതിനാൽ (ചിലപ്പോൾ വർഷത്തിൽ കൂടുതൽ സമയം) വേണ്ടി വരുന്നു. ഇക്കാലമത്രയും ഇതര സംസ്ഥാനത്ത് വകുപ്പിന്റെ വിദ്യാ സഹായം പ്രതീക്ഷിച്ച

സ്ഥാപനങ്ങളിൽ ചേർന്നു പഠനം നടത്തുന്ന വരുമാനം കുറഞ്ഞ SC/OEC വിദ്യാർത്ഥികൾ ദുരിതമനുഭവിക്കേണ്ടി വരികയും ചെയ്യുന്നു. കാസർഗോഡ് ജില്ലയിൽ നിന്നുള്ളവർക്കുപോലും തിരുവനന്തപുരത്തെ ഡയറക്ടറേറ്റിൽ ഇതുസംബന്ധിച്ച കാര്യം തിരക്കാനും, മാർഗ്ഗ നിർദ്ദേശത്തിനുമായി ബന്ധപ്പെടുകയും എത്തേണ്ടിയും വരുന്നു. ഇതവരുടെ ക്ലേശം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇത് പട്ടികജാതി വികസന സങ്കൽപത്തിനും സമീപനത്തിനും അനുഗുണമല്ല.

അതിനാൽ ഈ പദ്ധതിയുടെ (GOKS/GOIS) നിർവ്വഹണം, വിദ്യാർത്ഥി സ്ഥിരതാമസമാക്കിയിട്ടുള്ള ജില്ലാ തലത്തിൽ, അവിടുത്തെ ഇ-ഗ്രാന്റ്സ് നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ആഫീസർ മുഖേന നിർവ്വഹിക്കുന്നതിലൂടെ, വിദ്യാർത്ഥിക്ക് വിദ്യാഭ്യാസ സഹായം ഏറ്റവും നേരത്തേ ലഭ്യമാക്കുന്നതിനും, സംശയനിവാരണത്തിനും/ അപേക്ഷയിലെ ന്യൂനതപരിഹരണത്തിനും വിദ്യാർത്ഥിയുടെ രക്ഷിതാക്കൾക്ക് / ബന്ധുമിത്രാദികൾക്ക് ബന്ധപ്പെട്ട ജില്ലയിൽ തന്നെ നേരിട്ടെത്തി പരിഹരിക്കുന്നതിനും വഴിയൊരുക്കേണ്ടത് അനിവാര്യമായിരിക്കുന്നു. ഇ-ഗ്രാന്റ്സിന് പുതിയ സോഫ്റ്റ്വെയർ പ്രാബല്യത്തിലാക്കുന്നതോടെ ഈ പദ്ധതിയും ഇലക്ട്രോണിക് ആയി നിർവ്വഹിക്കാൻ കഴിയുന്നതുമാണ്.

ഈ സാഹചര്യത്തിൽ ഇതര സംസ്ഥാനങ്ങളിൽ പഠനം നടത്തുന്ന പട്ടികജാതി/മറ്റർഹ വിഭാഗ വിദ്യാർത്ഥികളുടെ (വിദ്യാഭ്യാസ സഹായ ആനുകൂല്യം) വിതരണം കൂടുതൽ വേഗത്തിൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനായി), GOKS/GOIS പദ്ധതികൾ പ്രകാരമുള്ള സഹായങ്ങൾ അനുവദിയ്ക്കുന്നതിനായി അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു. ജില്ലാ പട്ടികജാതി വികസന ഓഫീസർ, എല്ലാ വിദ്യാഭ്യാസ സഹായ പദ്ധതികളുടേയും ഗ്രീവൻസ് റിഡ്രസൽ അതോറിറ്റി കൂടിയായിരിക്കുന്നതാണ്. 2017 ജൂലൈ ഒന്നു മുതലുള്ള അപേക്ഷകൾ ഇപ്രകാരം ജില്ലാതലത്തിൽ പരിഗണിച്ച് നടപടി എടുക്കേണ്ടതാണ്.

ടി പദ്ധതികളെ സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ, മാതൃകാ ഉത്തരവും സ്ഥാപനത്തിനുള്ള പ്രാഥമിക കത്തിന്റെ മാതൃകയും ഫസിലിറ്റേറ്റർ ഫോർമാറ്റും അനുബന്ധമായി ചേർത്തിരിക്കുന്നു.

വിശ്വസ്തതയോടെ,
(ഒപ്പ്)
ഡയറക്ടർ

ഡയറക്ടർക്കുവേണ്ടി
ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)

ജില്ലാ പട്ടികജാതി വികസന ആഫീസർ,
..............................

പകർപ്പ് –

1. അക്കൗണ്ടന്റ് ജനറൽ ഓഫ് കേരള തിരുവനന്തപുരം (ആമുഖകത്തു സഹിതം)
2. ഡയറക്ടർ IPRD
3. ഡയറക്ടറുടെ മേശമേൽ.
4. അഡീഷണൽ ഡയറക്ടറുടെ മേശമേൽ.
5. ഫിനാൻസ് ഓഫീസർ/സൂപ്രണ്ട് സി, ഡി, എഫ്.
6. ചീഫ് പ്ലാനിംഗ് ഓഫീസർ/റിസർച്ച് ഓഫീസർ.
7. ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം/വികസനം/വിജിലൻസ്)
8. ഡെപ്യൂട്ടി ഡയറക്ടർ SZ/NZ
9. ചീഫ് പബ്ലിസിറ്റി ഓഫീസർ
10. കരുതൽ ഫയൽ.

MB

**ഇതര പഠിക്കുന്ന സംസ്ഥാനത്ത് SC/OBC വിദ്യാർത്ഥികൾക്കുള്ള സംസ്ഥാന/കേന്ദ്ര പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിതരണം സംബന്ധിച്ച് പട്ടികജാതി വികസന ഡയറക്ടറുടെ A2 19066/17/OSS നമ്പരിലുള്ള 20/06/2017 ലെ ഉത്തരവ് പ്രകാരമുള്ള അനുബന്ധം.**

**I. പൊതുവ്യവസ്ഥകൾ**

1. അപേക്ഷകൾ ഏതു ജില്ലയിലെ സ്ഥിരം താമസക്കാരനാണോ, ആ ജില്ലയിലെ ജില്ലാ പട്ടികജാതി വികസന ഓഫീസർക്കു വേണം അപേക്ഷ സമർപ്പിക്കേണ്ടത്.
2. അപേക്ഷകന്റെ സ്ഥിര താമസം ഏതു ജില്ലയിലാണോ ആ ജില്ലയിലെ സ്ഥിരതാമസക്കാരനാണ് എന്നു കാണിക്കുന്ന റവന്യൂ അധികാരിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കണം.
3. സ്ഥിരതാമസമുള്ള ജില്ലയിലെ ജില്ലാ/ബ്ലോക്ക് പഞ്ചായത്ത്/നഗരസഭയിൽ നിന്നും, നിർദ്ദിഷ്ട പഠനാവശ്യത്തിന് സ്കോളർഷിപ്പ് ഒന്നും ലഭിച്ചില്ല എന്നു കാണിക്കുന്നതിന് (ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ്.
4. സ.ഉ. (അച്ചടി) നമ്പർ 50/2009/പജ പവ വിവ തീയതി 02.07.2009-ൽ വിഭാഗം II-ൽ സംസ്ഥാനത്തിന് പുറത്തുള്ള പഠനം സംബന്ധിച്ച് നൽകിയിട്ടുള്ള നിബന്ധനകൾ. ഗവൺമെന്റ് ഓഫ് ഇന്ത്യ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നിബന്ധനകൾ പാലിക്കണം.

**II. കേരള സർക്കാർ സ്കോളർഷിപ്പ്**

പട്ടികജാതി വികസന വകുപ്പിൽ നിന്നും അന്യസംസ്ഥാനത്തു പഠിയ്ക്കുന്ന ഓൾ ഇന്ത്യ എൻട്രൻസ് മുഖേന അഡ്മിഷൻ നേടി വിദ്യാഭ്യാസം ഇരുന്ന വിദ്യാർത്ഥികൾ കോഴ്സനു ചേർന്ന് മൂന്ന് മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ.

1. രക്ഷകർത്താവിന്റെ പേരിലുള്ള കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്.
2. വിദ്യാർത്ഥിയുടെ പേരിലുള്ള ജാതി സർട്ടിഫിക്കറ്റ്.
3. Allotment letter and score card എൻട്രൻസ് എക്സാമിനേഷന്റെ.
4. കുട്ടി പഠിയ്ക്കുന്ന സ്ഥാപനം Government/ Government Aided എന്ന് തെളിയിക്കുന്ന രേഖകൾ.
5. സർക്കാർ/അംഗീകൃത അധികാരസ്ഥാപനം കോഴ്സ് ഫീസ് നിർണ്ണയിച്ചതിന്റെ –രേഖ.
6. വിശദമായ ഫീസ് സ്ട്രക്ചർ.
7. വിദ്യാർത്ഥി മറ്റ് സ്കോളർഷിപ്പുകൾ സ്വീകരിക്കുന്നില്ല എന്ന സ്ഥാപന മേധാവിയുടെ കത്ത്.
8. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ.
9. എസ്.എസ്. എൽ.സി. മുതലുള്ള സർട്ടിഫിക്കറ്റുകൾ.
10. ആധാർ നമ്പർ
11. വിദ്യാർത്ഥിയുടെ മൊബൈൽ/ഫോൺ നമ്പർ ......................., e mail ID
12. സ്ഥാപനത്തിന്റെ ഫോൺ നമ്പർ............................... e mail ID

**അനുവദിക്കാവുന്ന ഫീസുകൾ (Non-refundable fees)**

1. Tuition fee
2. Admission fee
3. Registration fee
4. Recognition fee
5. Examination fee
6. Special fee
7. Librabry fee
8. Lab fee
9. LSG-G.O (P) No. 4/16/SC ST DD
10. Mess (…. Statement/bill)
11. PM- G.O (P) No. 4/16/SC ST DD

**III. GOI സ്കോളർഷിപ്പ്**

നിലവിലെ മാനദണ്ഡങ്ങൾക്ക് വിധേയമായി ആനുകൂല്യങ്ങൾ അനുവദിയ്ക്കാവുന്നതാണ്.

**IV. മറ്റു നിർദ്ദേശങ്ങൾ**

1. ആവശ്യമായ അലോട്ട്മെന്റ് ഫിനാൻസ് ഓഫീസർ അതാതു ജില്ലാ ഓഫീസർമാർക്ക് നൽകുന്നതാണ്.
2. പദ്ധതിയുടെ പുരോഗതി സംബന്ധിച്ച എല്ലാ മാസവും (5-ാം തീയതിക്കു മുൻപ്) പുരോഗതി റിപ്പോർട്ട് നൽകേണ്ടതാണ്.
3. തുകയുടെ വിനിയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് യഥാസമയം അക്കൗണ്ടന്റ് ജനറലിന് നൽകേണ്ടതാണ്.
4. പുരോഗതി സംബന്ധിച്ച് ത്രൈമാസ റിപ്പോർട്ട് യഥാസമയം നൽകണം. (നിശ്ചിത മാതൃക ഉള്ളടക്കം ചെയ്യുന്നു)
5. കേന്ദ്ര ധനസഹായം സംബന്ധിച്ച് യഥാസമയം നിശ്ചിത പ്രൊഫോർമയിൽ വിവരം നൽകണം. (മാതൃക ഉള്ളടക്കം ചെയ്യുന്നു).
6. ധനസഹായ തുക മാറി നൽകുന്നതിനുള്ള ഉത്തരവിന്റേയും, അനുബന്ധത്തിന്റേയും മാതൃക ഉള്ളടക്കം ചെയ്യുന്നു.
7. സ്ഥാപന മേധാവിക്ക്, അപേക്ഷയിലെ ന്യൂനത പരിഹരിയ്ക്കുന്നതിനുവേണ്ടി അയയ്ക്കാവുന്ന കത്തിന്റെ മാതൃക ഉള്ളടക്കം ചെയ്യുന്നു.
8. സ്ഥാപന മേധാവി നൽകേണ്ട ചെക്ക് ലിസ്റ്റ് മാതൃക ഉള്ളടക്കം ചെയ്യുന്നു.
9. പദ്ധതി നടത്തിപ്പു വിവരം സംബന്ധിച്ച് ഒരു രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.
10. ഫയൽ വകുപ്പ്തല ആഡിറ്റിനും/ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റിനും വിധേയമാക്കുന്നു.
11. അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽ സമർപ്പിച്ചിരിക്കണം. ഏതെങ്കിലും കാരണവശാൽ അപേക്ഷ യഥാസമയം സമർപ്പിക്കുവാൻ കഴിയാതെ വന്നാൽ, താമസിച്ച് അപേക്ഷിച്ചതിന് മതിയായ കാരണങ്ങളുണ്ടെങ്കിൽ കാലതാമസം മാപ്പാക്കാവുന്നതാണ്. സ.ഉ. (കൈ) നം.11/2016/പജപവവിവ. തീയതി 01.02.2016 അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)